**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5275** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉല്പന്നങ്ങൾക്ക് ന്യായ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കുമോ; | (എ) | 2022-23 "വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കുന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രകാരം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തി മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ സംരംഭങ്ങൾക പ്രോത്സാഹനം നൽകുന്നു. പദ്ധതി പ്രകാരം മൂന സ്ലാബുകളിലായി സൂക്ഷമ തലം, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് എം.എസ്.എം.ഇ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് മുലധന നിക്ഷേപത്തിന് അനുസൃതമായി സബ്ലിഡി അനുവദിക്കുന്നു. ഇതിനായി 400 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ച ഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ 50 കർഷക ഉത്പാദക സംഘടനകളെ രൂപീകരിക്കുന്നതിനും, നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുന്നതിനും, എസ്.എഫ് .എ,സി മുഖേന ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>എഫ്.പി.ഓ കൾ. കുടുംബശ്രീ യൂണിറ്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മൂല്യവർദ്ധിത യൂണിറ്റുകളുടെ വിപണനത്തിൽ |

| | | | |
|---|---|---|---|
| | | | സഹായിക്കു ന്നതിനായി 140 ലക്ഷം രൂപ നീക്ക വച്ചിട്ടുണ്ട്. പ്രോജക്റ്റ് അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ, കാർഷിക കർമ്മ സേന, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് ആകെ വിലയുടെ 20% ധനസഹായം നൽകുന്നതാണ്. നടപ്പ് സാമ്പത്തിക വർഷം 140 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>മൂല്യ വർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കുന്നതിനും, വിതരണ ശൃംഖലയുടെ വിവിധ ഘട്ടങ്ങളിലുള്ള കാർഷിക ഉൽപന്നങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും PACS ന് കീഴിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാനുമാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പദ്ധതിചിലവിന്റെ 50% തുക ധനസഹായമായി നൽകുന്നു.<br><br>കൂടാതെ കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖ സ്ഥാപനമായ ഹോർട്ടികോർപ്പിന്റെ കീഴിൽ മൂല്യവർദ്ധിത കാർഷികോല്പന്നങ്ങളുടെ ഉത് പാദനത്തിനും വിപണനത്തിനുമായി മൂന്നാറിൽ ഒരു സ്ട്രോബറി പ്രോസസിങ്ങ് യൂണിറ്റ്, തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ ഒര ചിപ്സ് യൂണിറ്റ്, കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവ പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ മാവേലിക്കരയിൽ തേൻ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കായി ഒരു ഹണി പ്രോസസിങ്ങ് യൂണിറ്റും പ്രവർത്തിച്ചു വരുന്നു. |
| (ബി) | വിവിധ കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കാൻ പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോലന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും വിലയിടിവ് തടയുവാനും സംസ്ഥാനസർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു.<br><br><u>പച്ചത്തേങ്ങ സംഭരണം:-</u> നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, വി.എഫ്.പി.സി.കെ, കേരള സംസ്ഥാന |

നാളികേര വികസന കോർപ്പറേഷൻ (KSCDC), തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/-രൂപ സംഭരണ വില നൽകിയാണ് സംഭരിച്ച് വരുന്നത്.

<u>നെല്ല് സംഭരണം:-</u> സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് വരുന്നു. 2022-23 വർഷത്തിൽ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 20 രൂപ 40 പൈസയായാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. 2022-23 സീസണിൽ കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസും കൂടി ചേർത്ത് കിലോഗ്രാമിന് 28 രൂപ 20 പൈസ സംഭരണ വിലയായി നിശ്ചയിച്ചാണ് സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ച് വരുന്നത്.

<u>പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി:-</u> സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത് പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കി വരുന്നു. 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.

<u>റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി:-</u> റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി സംസ്ഥാന സർക്കാർ 2015- 16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. 2022-23 വർഷം 500 കോടി രൂപ യാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി സർക്കാർ വകയിരുത്തിയിട്ടുള്ളത്. 2022 -23 സാമ്പത്തിക വർഷം 16.02.2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33 .195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

കേരൾ അഗ്രോ ബ്രാൻഡിൽ കൃഷി ഉല്പന്നങ്ങൾക്ക് പൊതുവിപണി, കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ ലഭ്യമാക്കുക, കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായി KABCO (കേരളാ

| | | | |
|---|---|---|---|
| | | | അഗ്രോ ബിസിനസ്സ് കമ്പനി), മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനും മൂല്യവർദ്ധിത കൃഷി വർദ്ധിപ്പിക്കുന്നതിനും കൃഷിക്കൂട്ടങ്ങളും, FPOകളും, മൂല്യ വർദ്ധിത കാർഷിക ഉല്പന്നങ്ങളുടെ പൂർണ്ണമായ മേൽനോട്ടത്തിനും കർഷകവരുമാനം ഇരട്ടിയാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് VAAM (value Added Agriculture Mission) തുടങ്ങിയവയും കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുവാനുള്ള സർക്കാർ ശ്രമത്തിന്റെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ